പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2558

19.6.2013 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാര വികസനത്തിന് ടൂറിസം നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) വിനോദസഞ്ചാര വികസനത്തിന് ടൂറിസം നയം നടപ്പാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. സർക്കാരിന്റെ ടൂറിസം രംഗത്തെ കാഴ്ചപ്പാടുകളും ടൂറിസം വികസനത്തിനും പ്രചരണത്തിനും പുത്തൻ ദിശാബോധം നൽകുന്നതുമായ ഒരു ടൂറിസം നയം സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ടൂറിസം രംഗത്ത് അഭിമുഖീകരിക്കേണ്ടി വരുന്ന കാലിക പ്രസക്തിയുള്ള വിഷയങ്ങളുടെ പരിഹാരമാർഗ്ഗങ്ങളും അതിനായി സർക്കാരും സ്വകാര്യമേഖല അടക്കമുള്ള ഇതര പങ്കാളികളെ യോജിപ്പിച്ചുകൊണ്ട് കാഴ്ചവയ്ക്കേണ്ട പ്രവർത്തന ശൈലിയെക്കുറിച്ചും ഇതിന്റെ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള തന്ത്രങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ടൂറിസം മേഖലയുടെ വളർച്ച എന്നതിലുപരി സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ടൂറിസം നയം വിഭാവനം ചെയ്തിരിക്കുന്നത്. സേവന നിലവാരം എന്നതു പോലെ ശുചിത്വം, തീർത്ഥാടന പൈതൃക സാംസ്കാരിക ടൂറിസം വികസനം, പരിസ്ഥിതി സംരക്ഷണം, സുരക്ഷിതത്വം, അടിസ്ഥാന സൗകര്യ വികസനം, ടൂറിസം മാനവശേഷി വികസനം, നിക്ഷേപ സൗഹാർദ്ദം, ടൂറിസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം, ശാസ്ത്രീയമായ വിപണന തന്ത്രങ്ങൾ, ടൂറിസം, വികസനം, തദ്ദേശവാസികൾക്ക് ഗുണകരമാകുന്നുവെന്ന് ഉറപ്പുവരുത്തുന്ന ഉത്തരവാദിത്ത ടൂറിസം വികസിപ്പിക്കൽ നടപടി, ടൂറിസം മേഖലയുടെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ എന്നിവ ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

സി) സർക്കാരും ടൂറിസം വകുപ്പും, വകുപ്പിന്റെ കീഴിലുള്ള ടൂറിസം സ്ഥാപനങ്ങളും സ്വകാര്യ മേഖല അടക്കമുള്ള ഇതര പങ്കാളികളെയും യോജിപ്പിച്ചുകൊണ്ടാണ് ടൂറിസം നയത്തിലെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നത്.

ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഡി) ടൂറിസം നയത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ടൂറിസം ഉപദേശക സമിതിയുടെ രൂപീകരണം, മലബാറിന്റെ ടൂറിസം വികസനത്തിനായി ഈസ്റ്റേൺ കോറിഡോർ പദ്ധതി, വടക്കൻ കേരള ടൂറിസം സർക്യൂട്ട്, പ്രമുഖ ടൂറിസം കേന്ദ്രങ്ങളിൽ സീപ്ലെയിൻ സർവ്വീസ്, 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ആധുനിക വഴികാട്ടി ബോർഡുകൾ, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, ഉത്തരവാദിത്വ ടൂറിസം പദ്ധതി പുതിയ കേന്ദ്രങ്ങളിലേക്ക് വികസിപ്പിക്കൽ, പ്രകൃതി സംരക്ഷിത ടൂറിസം പദ്ധതികൾ, നൂതന മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ പുതിയ വിപണി കണ്ടെത്തൽ, സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനവും സഹായവും തുടങ്ങി വിവിധ മേഖലകളിൽ ടൂറിസം നയത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ